മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 'ചാരായമേ വിട' എന്ന തെരുവു നാടകം നടത്തിയ ചെറുപ്പക്കാരുടെ മേലുണ്ടായ കയ്യേറ്റം വളരെയധികം നിർഭാഗ്യകരമായിപ്പോയി. ഇതു സംബന്ധിച്ച് ഏതാനും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് സമഗ്രമായിട്ട് നടത്താൻവേണ്ടിയുള്ള നിർദ്ദേശം പോലീസിന് നൽകുന്നതാണ്.

(3) നെടുമ്പാശ്ശേരി വിമാനത്താവളത്തിനുള്ള സ്ഥലമെടുപ്പ്

ശ്രീ. എസ്. ശർമ്മ: നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ റൺവേയുടെ പണികൾ പൂർത്തീകരിച്ചുവരികയാണ്. ടെർമിനലിന്റെ സ്ഥലമെടുപ്പ് നടത്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധി വന്നിരിക്കുന്നതായി അറിയുന്നു. ആ ഭൂ ഉടമസ്ഥൻമാർ കോടതിയെ സമീപിക്കാനിടവന്നസാഹചര്യം ഭൂമി ഒഴിഞ്ഞുപോകുന്നവർക്കു മതിയായ വില ലഭിക്കാതെ വരുന്നതുകൊണ്ടുള്ള അതൃപ്തിയും അമർഷവുംകൊണ്ടാണ്. കോടതി വിധിയിൽ നിയമപരമായ അധികാരം ഈ സംഘത്തിന് ഇല്ലെന്ന് പറഞ്ഞിരിക്കുന്നു. അത് മനസ്സിലാക്കാതെ ഇപ്പോഴും ഉണ്ടായിട്ടുള്ള പ്രതിസന്ധിയെ തരണം ചെയ്യാൻ ആ ഭൂ ഉടമസ്ഥൻമാർക്ക് മതിയായ വില ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അപേക്ഷിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആൻറണി): ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരായിട്ട് ഡിവിഷൻ ബഞ്ചിൽ അപ്പീലും അതുപോലെതന്നെ സ്റ്റേ പെറ്റീഷനും നൽകുന്നതിന് വിമാനത്താവളത്തിലെ മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. വിമാനത്താവള കമ്മിറ്റി കൊടുക്കുന്ന പെറ്റീഷന്റെ വിധിയുടെ അടിസ്ഥാനത്തിൽ മറ്റ് കാര്യങ്ങൾക്ക് ആവശ്യമായ എല്ലാ നടപടികളും ഗവൺമെൻറ് സ്വീകരിക്കുന്നതാണ്.

(4) മംഗലാപുരം–ഷൊർണ്ണൂർ തീവണ്ടിപ്പാതയിൽ നിരന്തരമായി ഉണ്ടാകുന്ന വിള്ളലുകൾ

ശ്രീ. ഒ. രേതൻ: സർ, ഒരു അടിയന്തിരപ്രമേയത്തിന്റെ പ്രാധാന്യത്തോടുകൂടി, ഗൗരവത്തോടുകൂടി ആലോചിക്കേണ്ട ഒരു വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഷൊർണ്ണൂർ–മംഗലാപുരം റെയിൽവേ പാത ആരംഭിച്ചിട്ട് രണ്ടായിരമാണ്ട് ആകുമ്പോൾ നൂറ് വർഷം തികയുകയാണ്. നമ്മുടെ രാജ്യത്തെ തന്നെ ഏറ്റവും പഴക്കംചെന്ന റെയിൽവേ പാതയാണ് മംഗലാപുരം–ഷൊർണ്ണൂർ റെയിൽവേ പാത. ഇപ്പോൾ സാർവ്വത്രികമായിട്ട് ആ റൂട്ടിൽ വണ്ടി വളരെ വൈകിയാണ് ഓടിക്കൊണ്ടിരിക്കുന്നത്. ഒരുപാട് വിള്ളലുകൾ ആ ട്രാക്കിനകത്ത് പല സ്ഥലത്തും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. മംഗലാപുരം റെയിൽവേ പാതയിൽ ഈയിടെ മേഖലാ ചീഫ് എഞ്ചിനീയർ ഒരു വിദഗ്ദ്ധമായ പരിശോധന നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly